# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 3681** 24.06.2014 ൽ മറുപടിയ്ക്ക്

### ഗാർഹിക ഉപഭോക്താക്കൾക്ക് സൗരോർജ്ജ പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഗാർഹിക ഉപഭോക്താക്കൾക്കായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളെയാണ് ആയതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പതിനായിരം സോളാർ റൂഫ്ടോപ്പ് പദ്ധതി വഴി ഗാർഹിക ഉപഭോക്താക്കൾക്ക് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് വരുന്നു. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര നവീന-നവീകരണീയ ഊർജ്ജ മന്ത്രാലയത്തിൽ (MNRE) ചാനൽ പാർട്ട്ണേഴ്സായി അംഗീകാരം ലഭിച്ചിട്ടുള്ള കമ്പനികളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവയെയാണ് അനെർട്ടിന്റെ പാനലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു. പ്ലാന്റ് സ്ഥാപിക്കാൻ ഗുണഭോക്താക്കൾക്ക് ടി കമ്പനികളെ സമീപിക്കേണ്ടതാണ്. |
| (ബി) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾ അടയ്ക്കേണ്ട വിഹിതം, ലഭിക്കുന്ന സബ്സിഡി തുക എന്നിവ പദ്ധതിയടിസ്ഥാനത്തിൽ വിശദീകരിക്കുമോ; | (ബി) പ്രസ്തുത പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സബ്സിഡിയായി 92,262/- രൂപ നൽകി വരുന്നു. ഗുണഭോക്താക്കൾ അവർ തെരഞ്ഞെടുക്കുന്ന കമ്പനികൾക്ക് അനുസരിച്ച് അവരുടെ വിഹിതമായി 85,279/- രൂപ മുതൽ 1,10,273/- രൂപ വരെ അടയ്ക്കേണ്ടി വരും. |
| (സി) ഗുണഭോക്താക്കൾ അടയ്ക്കേണ്ട വിഹിതം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) അനെർട്ട് കോമ്പിറ്റേറ്റീവ് ബിഡ്ഡിംഗിലൂടെ പവർപ്ലാന്റുകളുടെ വില നിലവാരം നിശ്ചയിച്ചതിനാൽ പവർ പ്ലാന്റുകളുടെ ഗുണനിലവാരം നിലനിർത്തി |

ക്കൊണ്ട് തന്നെ അവയുടെ വില ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് വില നിലവാരം നിശ്ചയിക്കുമ്പോൾ എം.എൻ.ആർ.ഇ യുടെ ഒരു കിലോവാട്ട് പവർപ്ലാന്റിന്റെ അടിസ്ഥാനവില (ബെഞ്ച് മാർക്ക് പ്രൈസ്) 2.7 ലക്ഷമായിരുന്നു. എന്നാൽ അനെർട്ട് അംഗീകരിച്ചതിൽ ഏറ്റവും കൂടിയ വില 2.02 ലക്ഷമായിരുന്നു.

സെക്ഷൻ ഓഫീസർ

List of Empanelled Agencies as on 17/06/2014

| Sl No. | Name of Empanelled Agency |
|---|---|
| 1 | Millennium Synergy Pvt. Ltd |
| 2 | Power One Micro Systems Private Ltd. |
| 3 | Gensol Consultants Pvt. Ltd |
| 4 | Solar Integration Systems India Pvt. Ltd. |
| 5 | Sukam Power Systems Ltd |
| 6 | Tata Power Solar Systems Ltd. |
| 7 | Ammini Solar Pvt. Ltd. |
| 8 | Luminous Power Technologies Pvt. Ltd. |
| 9 | Eversun Energy Pvt. Ltd. |
| 10 | Chemtrols Solar Pvt. Ltd |
| 11 | Lanco Solar Energy Pvt. Ltd |
| 12 | Jain Irrigation Systems Ltd |
| 13 | Radiant Solar Private Ltd |
| 14 | Agni Power and electronics Pvt.Ltd |
| 15 | Alectrona Energy Pvt.Ltd |
| 16 | Autonic Energy Systems Pvt.Ltd |
| 17 | Moser Baer Solar Limited |
| 18 | Emmvee Photovoltaic Power Pvt.Ltd |
| 19 | BOSCH LIMITED |
| 20 | Shobitha Electronics (Manufacture)Pvt. Ltd |
| 21 | PAE Renewables Private Ltd |
| 22 | Sungrace Energy Solution Pvt.Ltd |